പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 777 — 29/10/2019 ൽ മറുപടിക്ക്

## ശബരിമല മാസ്റ്റർ പ്ലാൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചും ശബരിമല മാസ്റ്റർ പ്ലാൻ നിർവ്വഹണത്തിനുമായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവാക്കിയെന്നും മുൻ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത ചെലവ് എത്രയായിരുന്നുവെന്നും എത്ര തുകയുടെ വർദ്ധനവ് ഈ സർക്കാരിന്റെ കാലയളവിലുണ്ടായെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | 2019-20 കാലയളവിലേക്ക് ശബരിമലക്കായി സർക്കാർ നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും ഏതെല്ലാം പദ്ധതികൾക്കാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ റോഡ് നിർമ്മാണ / അറ്റകുറ്റപ്പണികൾക്കായി 200 കോടി രൂപയും കിഫ്ബി മുഖാന്തിരം നടപ്പാക്കുന്ന പമ്പ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലക്കലെ വാഹന പാർക്കിംഗ്, എരുമേലി, കീഴില്ലം എന്നിവിടങ്ങളിലെ ഇടത്താവളം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിരിപ്പന്തൽ, റാന്നിയിലെ വാഹന പാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 28 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടിയും നിർമ്മാണ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഏജൻസികളെക്കൊണ്ട് നടപ്പാക്കാനുമായി സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.ബി.സി.സി എന്ന കമ്പനിയെ ഏൽപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ